©
കേരള സർക്കാർ
Government of Kerala
2021

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY
ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 10<br>Vol. X | തിരുവനന്തപുരം,<br>വെള്ളി<br>Thiruvananthapuram,<br>Friday | 2021 ജൂലൈ 30<br>30th July 2021<br>1196 കർക്കടകം 14<br>14th Karkadakam 1196<br>1943 ശ്രാവണം 8<br>8th Sravana 1943 | നമ്പർ<br>No. | 2261 |


ഫോറം നമ്പർ 7
(ചട്ടം 18(1) കാണുക)

**വകുപ്പ് 11(1) പ്രകാരം എറണാകുളം ജില്ലാകളക്ടർ പരസ്യപ്പെടുത്തുന്ന പ്രാഥമിക വിജ്ഞാപനം**

സി5-2977/19/DCEKM 2021 , ജൂലൈ 19

കേരള സർക്കാർ 09.12.2015 ലെ സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ 649/2015 വിജ്ഞാപന പ്രകാരം 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ആക്ട് (കേന്ദ്ര ആക്ട് 30) പ്രകാരമുള്ള കളക്ടറുടെ ചുമതലകൾ നിർവ്വഹിക്കുവാൻ എറണാകുളം പൊന്നുംവില സ്പെഷ്യൽ തഹസിൽദാർ (എൽ. എ) എൻ.എച്ച് നമ്പർ.1, കാക്കനാടിനെ നിയമിച്ചിരിക്കുന്നതിനാലും ;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഈ പൊന്നുംവില നടപടിയുടെ പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അഡ്മിനിസ്ട്രേറ്റർ ആയി എറണാകുളം കളക്ടേറ്റിലെ പൊന്നുംവില ഡെപ്യൂട്ടി കളക്ടറെ കേരള സർക്കാർ നിയമിച്ചിരിക്കുന്നതിനാലും ;

ഇതോടൊപ്പമുള്ള പട്ടികയിൽ വിവരിച്ചിരിക്കുന്ന ഭൂമി ഒരു പൊതു ആവശ്യത്തിന് അതായത് മൂവാറ്റുപുഴ ടൗൺ വികസനത്തിനായി പോസ്റ്റ് ഓഫീസ് ജംഗ്ഷൻ മുതൽ പേട്ട വരെയുള്ള റോഡ് വികസനത്തിന് ആവശ്യമുണ്ടെന്നോ ആവശ്യമുണ്ടായേക്കാമെന്നോ കേരള സർക്കാരിന് ബോധ്യപ്പെട്ടിരിക്കുന്നതിനാലും ;

ഇപ്പോൾ തൻമൂലം അതുമായി ബന്ധപ്പെട്ട എല്ലാ പേർക്കും 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ ആക്ട് വകുപ്പ് 11 ഉപവകുപ്പ് (1) വ്യവസ്ഥകൾക്കനുസൃതമായി ഇക്കാര്യത്തിലുള്ള അറിയിപ്പ് ഇതിനാൽ നൽകുകയും ചെയ്യുന്നു ;

പൊന്നുംവിലയ്ക്കെടുക്കാൻ തീരുമാനിച്ചിട്ടുള്ള സ്ഥലങ്ങളുമായി ഏതെങ്കിലും തരത്തിൽ ബന്ധപ്പെട്ടിട്ടുള്ള കക്ഷികൾ അവരുടെ ഭൂരേഖകൾ നാളിതീകരിക്കുന്നത് സംബന്ധിച്ചും ആക്ഷേപമുണ്ടെങ്കിൽ ആയത് മേൽ വിജ്ഞാപനം പ്രസിദ്ധപ്പെടുത്തിയ തീയതിയോ ഇതു സംബന്ധിച്ച പൊതു നോട്ടീസിന്റെ തീയതിയോ ഏതാണോ അവസാനം നടന്നത് ആ തീയതി മുതൽ 15 ദിവസത്തിനകം രേഖാമൂലമുള്ള പ്രസ്താവന പൊന്നുംവില ഓഫീസറായ സ്പെഷ്യൽ തഹസിൽദാർ (എൽ.എ) എൻ.എച്ച് നമ്പർ.1, കാക്കനാട്, എറണാകുളം മുമ്പാകെ സമർപ്പിക്കേണ്ടതാണ്. നിശ്ചിത സമയ പരിധിക്കുള്ളിൽ ലഭിക്കാത്ത ആക്ഷേപങ്ങളും സ്ഥലത്തിലുള്ള താല്പര്യം സംശയലേശമന്യേ വിശദീകരിക്കാത്തതുമായ അപേക്ഷകളും നിരുപാധികം നിരസിക്കപ്പെടുന്നതാണ് ;

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന റിപ്പോർട്ടിന്റെ സംക്ഷിപ്ത രൂപം താഴെ കൊടുത്തിരിക്കുന്നു. ആയത് എറണാകുളം ജില്ലാ കളക്ടറുടെ ഔദ്യോഗിക വെബ് സൈറ്റായ www.ernakulam.nic.in- ൽ ലഭ്യമായിട്ടുള്ളതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## പട്ടിക

ജില്ല : എറണാകുളം താലൂക്ക് : മൂവാറ്റുപുഴ വില്ലേജ് : മാറാടി

(ഏകദേശ വിസ്തീർണ്ണമാണ് കൊടുത്തിരിക്കുന്നത്)

| ക്രമ നം. | സർവേ നം. | ഇനം | വിസ്തീർണ്ണം ഹെക്ടർ | ഭൂമി ഏറ്റെടുക്കുന്നതിന്റെ ആവശ്യകത | ബാധിക്കപ്പെട്ട കുടുംബങ്ങളെ മാറ്റുന്നതിനുള്ള കാരണം | ഉടമസ്ഥരുടെ പേര് |
|---|---|---|---|---|---|---|
| 1. | 365/6 | പുരയിടം | 0.0015 | എം.സിറോഡ് വികസനം മൂവാറ്റുപുഴ പി.ഒ ജംഗ്ഷൻ മുതൽ പേട്ട വരെ | കുടുംബങ്ങളെ മാറ്റി പാർപ്പിക്കേണ്ടതായി വരുന്നില്ല | വി.കെ ഹരിഹരൻ & മിഷ ഹരിഹരൻ, വട്ടംതട്ടേൽ, ശ്രീനിലയം, സൗത്ത് പേട്ട , മൂവാറ്റുപുഴ, ഹരിഹരൻ, വട്ടംതട്ടേൽ,ശ്രീനിലയം, സൗത്ത് പേട്ട , മൂവാറ്റുപുഴ, സാബു വി. എം വട്ടംതട്ടേൽ മൂവാറ്റുപുഴ, സുഷമ W/o, വി.കെ വേണു, വട്ടംതട്ടേൽ, മൂവാറ്റുപുഴ കെ.ജെ.ജോൺ, കട്ടയ്ക്കൽ, മാറാടി, മൂവാറ്റുപുഴ |
| 2. | 366/6 | നിലം | 0.0097 | | | സുരേന്ദ്രൻ s/o നാരായണൻ, വട്ടുതലപുത്തൻ പുരയിൽ, രാമമംഗലംകര, മൂവാറ്റുപുഴ. ഷാജു നാരായണൻ, വട്ടുതല പുത്തൻ പുരയിൽ രാമമംഗലംകര, മാറാടി. സജീവ് s/o നാരായൺ വട്ടുതല പുത്തൻ പുരയിൽ രാമമംഗലംകര, മാറാടി. സലിം നാരായണൻ, വട്ടുതല പുത്തൻ പുരയിൽ രാമമംഗലംകര, മാറാടി. സാബു നാരായൺ, വട്ടുതല പുത്തൻ പുരയിൽ, മാറാടി. ശ്രീമാൻ.പി.ആർ. വട്ടുതല പുത്തൻപുരയിൽ എസ്.എൻ.ഡി.പി ജംഗ്ഷൻ. മൂവാറ്റുപുഴ, |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | | | | | | |
|---|---|---|---|---|---|---|
| | | | | | | സോമശേഖരൻ, & ശ്രീജിത്ത് വട്ടുതല പുത്തൻ പുരയിൽ, കവിത റോഡ്, കച്ചേരിത്താഴം, മൂവാറ്റുപുഴ |
| 3. | 366/9 | പുരയിടം | 0.0029 | | | ഡോ. വി.ഐ ഉതുപ്പാൻ & ഡോ. ആനി ഉതുപ്പാൻ വെട്ടുക്കാട്ടിൽ, വാഴപ്പിള്ളിക്കര, മൂവാറ്റുപുഴ |
| 4 | 369/6 | പുരയിടം | 0.0166 | | | രാജൻ. പി. & സ്വാമിനാഥൻ, പുറമടത്തോടത്തിൽ, മൂവാറ്റുപുഴ, അനിൽകുമാർ, പിറമഠത്തിൽ, മൂവാറ്റുപുഴ, എ.കെ. ഉണ്ണികൃഷ്ണൻ, S/o, കുഞ്ഞൻ, ആച്ചക്കോട്ടിൽ, & ടിയാൻ ഭാര്യ രൂപാലി, തഫീന സ്റ്റീവ്, W/o, സ്റ്റീവ് ജേക്കബ്, കണ്ടവന, മുടവൂർ |
| 5 | 369/7 | പുരയിടം | 0.0007 | | | വർഗ്ഗീസ് കുര്യൻ, മാടപ്പറമ്പിൽ, ഞാറക്കാട്ട് |
| 6 | 370/1-4 | പുരയിടം | 0.0020 | | | ഇ.വി. പൗലോസ്, ഇടയത്ത്, മൂവാററുപുഴ, ജോമി ഏലിയാസ്, ഇടയത്ത്, മൂവാറ്റുപുഴ, തോമസ്. കെ. ജോർജ്ജ്, കുന്നത്ത്, കാക്കനാട് |
| 7 | 370/1-6-6 | പുരയിടം | 0.0040 | | | കൊച്ചുറാണി, കുറുപ്പുമഠം, മൂവാറ്റുപുഴ |
| 8 | 370/1-5 | പുരയിടം | 0.0242 | | | ഗോപാലകൃഷ്ണൻ, S/o, കേശവൻ, കല്ലുവെട്ടിക്കുഴിയിൽ, താഴത്തെവീട്ടിൽ, രാമംഗലം, മൂവാറ്റുപുഴ, രാജൻ ബാബു, താഴത്തെവീട്ടിൽ, മൂവാറ്റുപുഴ |
| 9 | 370/2 | പുരയിടം | 0.0053 | | | കൃഷ്ണൻ ഒ.കെ., ഒഴക്കനാട്ട്, അരമനപ്പടി, മൂവാറ്റുപുഴ |
| 10 | 372/15-7 | പുരയിടം | 0.0089 | | | പോൾ ജേക്കബ്, S/o, പൗലോസ്, കളപ്പുരക്കൽ, ആരക്കുഴ |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | | | | | | |
|---|---|---|---|---|---|---|
| 11 | 371/16-8 | പുരയിടം | 0.0007 | | | ഷാജി. കെ. വേലു, കുറ്റിമാക്കൽ, മൂവാറ്റുപുഴ |
| 12 | 371/23 സി | പുരയിടം | 0.0023 | | | ദീപു കൃഷ്ണ & വിഷ്ണു കൃഷ്ണൻ, കണ്ണംവേലിക്കൽ, ശ്രീ. രഞ്ജൻ, കണ്ണംവേലിക്കര, വെള്ളൂർക്കുന്നം |
| 13 | 372/2 എ | പുരയിടം | 0.0003 | | | കൃഷ്ണൻ ഒ.കെ., ഒഴക്കനാട്ട്, അരമനപ്പടി |
| 14 | 372/2 ബി | പുരയിടം | 0.0003 | | | കൃഷ്ണൻ ഒ.കെ., ഒഴക്കനാട്ട്, അരമനപ്പടി |
| 15 | 372/15-1 | പുരയിടം | 0.0008 | | | സെന്റ് പോൾ സി.എസ്.ഐ. ചർച്ച്, മൂവാറ്റുപുഴ |
| 16 | 372/15-3 | പുരയിടം | 0.0016 | | | പൊതുവഴി |
| 17 | 372/15-6 | പുരയിടം | 0.0048 | | | സെന്റ് പോൾ സി.എസ്.ഐ. ചർച്ച്, മൂവാറ്റുപുഴ |
| 18 | 373/4 | പുരയിടം | 0.0061 | | | സെന്റ് പോൾ സി.എസ്.ഐ. ചർച്ച്, മൂവാറ്റുപുഴ |
| ആകെ | | | 0.1027 ഹെക്ടർ | | | |

ജില്ല : എറണാകുളം താലൂക്ക് : മൂവാറ്റുപുഴ വില്ലേജ് : വെള്ളൂർക്കുന്നം

(ഏകദേശ വിസ്തീർണ്ണമാണ് കൊടുത്തിരിക്കുന്നത്)

| ക്രമ നം. | സർവേ നം. | ഇനം | വിസ്തീർണ്ണം ഹെക്ടർ | ഭൂമി ഏറ്റെടുക്കുന്നതിന്റെ ആവശ്യകത | ബാധിക്കപ്പെട്ട കുടുംബങ്ങളെ മാറ്റുന്നതിനുള്ള കാരണം | ഉടമസ്ഥരുടെ പേര് |
|---|---|---|---|---|---|---|
| 1 | 838/32 സി | പുരയിടം | 0.0004 | എം.സി. റോഡ് വികസനം മൂവാറ്റുപുഴ പി.ഒ. ജംഗ്ഷൻ മുതൽ പേട്ട വരെ | കുടുംബങ്ങളെ മാറ്റി പാർപ്പിക്കേണ്ടതായി വരുന്നില്ല | എൻ.എസ്.എസ്. കെട്ടിടം മൂവാറ്റുപുഴ അൻസിൽ മത്തായി, കീപ്പാലക്കാട്ട്, റാക്കാട് |
| 2 | 838/32 എ | പുരയിടം | 0.0014 | | | അനിൽ കുമാർ അനിൽനിവാസ്, മാർക്കറ്റ്പി.ഒ., |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | | | | | | |
|---|---|---|---|---|---|---|
| | | | | | | വെള്ളൂർക്കുന്നം, അനിൽകുമാർ പുറമടത്തോട്ടത്തിൽ മൂവാറ്റുപുഴ |
| 3 | 839/24 | നിലം | 0.0020 | | | ഷംസുദ്ദീൻ.കെ.എം., കീപ്പുറത്ത്, ആനിക്കാട് |
| 4 | 839/25 | പുരയിടം | 0.0080 | | | വിജയൻ. അകത്തുട്ട്, വെള്ളൂർക്കുന്നം |
| 5 | 839/27 | നിലം | 0.0030 | | | മണി, W/o, ചന്ദ്രസേനൻ. മണി മന്ദിരം |
| 6 | 839/28 | പുരയിടം | 0.0018 | | | മോഹനൻ. എം.വി., ധന്യഭവൻ. വെള്ളൂർക്കുന്നം, വി.ഐ.വർക്കി, ഒറവിടത്തിൽ, കടാതി, രാജൻ.എം.വി, ഇടപ്പാട്ട്മറ്റത്തിൽ പുത്തൻപുരയിൽ, മൂവാറ്റുപുഴ, ഷംസുദ്ദീൻ.കെ.എം., കീപ്പുറത്ത്, ആനിക്കാട് |
| 7 | 839/1 | പുരയിടം | 0.0015 | | | നെവീത്അലി, ആര്യകാലായിൽ, പുതുപ്പാടി |
| | ആകെ | | 0.0181 ഹെക്ടർ | | | |

സോഷ്യൽ ഇംപാക്ട് അസസ്മെന്റ് സ്റ്റഡി പ്രകാരം നൽകിയിരിക്കുന്ന ലിസ്റ്റിൽ മാറാടി വില്ലേജിൽ സർവ്വെ നം. 370/1-15 എന്നത് സ്ഥലപരിശോധനയിൽ സർവ്വെ നം. 370/1-5 ൽപ്പെട്ട സ്ഥലമാണെന്ന് കണ്ടെത്തിയിട്ടുള്ളതാണ്. കൂടാതെ സർവ്വെ നം. 370/1-11 ൽപ്പെട്ട സ്ഥലം സർവ്വെ നം. 370/1-6-6 ലും സർവ്വെ നം. 371/23 എ - യിൽപ്പെട്ട സ്ഥലം സർവ്വെ നം. 371/16-8 ലും വെള്ളൂർക്കുന്നം വില്ലേജിൽ സർവ്വെ നം. 840/7-ൽപ്പെട്ട സ്ഥലം സർവ്വെ നം. 839/1 ലും പെട്ട സ്ഥലമാണെന്നും കണ്ടെത്തിയിട്ടുള്ളതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ടിന്റെ സംഗ്രഹം

മൂവാറ്റുപുഴ പട്ടണം ദേശീയപാതകളുടെ ഒരു പ്രധാന ജംഗ്ഷനാണ്. എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ താലൂക്കിലെ മാറാടി, വെള്ളൂർക്കുന്നം വില്ലേജുകളിലൂടെ എം.സി റോഡ് കടന്നുപോകുന്നു. പ്രധാനറോഡുകൾ യോജിക്കുന്ന സ്ഥലമായതിനാൽ നിലവിലെ റോഡിന് വീതി കൂട്ടുക, പട്ടണത്തിലൂടെ കടന്നുപോകുന്ന ആളുകൾക്ക് മെച്ചപ്പെട്ട ഗതാഗതം ഉറപ്പാക്കുക, അതുവഴി നഗരത്തിലുണ്ടാകുന്ന ഗതാഗതകുരുക്ക് കുറയ്ക്കുക എന്നിവയാണ് പദ്ധതിയുടെ പ്രധാനലക്ഷ്യം. ഭൂമി ഏറ്റെടുക്കുന്നതിലൂടെ റോഡിന്റെ നിലവിലുള്ള പോരായ്മകൾ വികസിപ്പിക്കാനും പദ്ധതി പ്രകാരം പുതിയ റോഡ് നിർമ്മിക്കാനും പദ്ധതി ലക്ഷ്യമിടുന്നു.

മാറാടി, വെള്ളൂർക്കുന്നം വില്ലേജുകളിൽ 0.1028 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനായാണ് പദ്ധതി രൂപരേഖ ചെയ്തിരിക്കുന്നത്. മിക്ക പ്ലോട്ടുകളും വ്യാപാരസ്ഥാപനങ്ങളായി ഉപയോഗിക്കുന്നു. ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന ഭൂമിയിൽ സ്വകാര്യ പുറമ്പോക്ക് ഭൂമികൾ ഉൾക്കൊള്ളുന്നു. ഭൂമി ഏറ്റെടുക്കുന്നതിനുള്ള നിലവിലെ വ്യത്യാസം അനുസരിച്ച് നേരിട്ട് ബാധിക്കുന്ന 29 പേരുണ്ട്. ഒരു പാർപ്പിടകെട്ടിടം, ഗവൺമെന്റ് ടൗൺ യു.പി സ്കൂളിന്റെ ചുറ്റുമതിൽ, മുൻസിഫ് കോടതി ചുറ്റുമതിൽ, പോലീസ് എയ്ഡ് പോസ്റ്റ്, ജലാശയം, ബിസിനസ്സ് സ്ഥാപനങ്ങളിലെ 35 ജീവനക്കാരുടെ ഉപജീവനമാർഗ്ഗങ്ങൾ എന്നിവയെയും ബാധിക്കുന്നു. ഈ പ്രതികൂല പ്രത്യാഘാതങ്ങൾക്കിടയിലും നിർദ്ദിഷ്ടപദ്ധതി മേഖലയിലെ ജനങ്ങൾക്ക് പ്രയോജനകരമാകുമെന്ന് പ്രതീക്ഷിക്കുന്നു. കാരണം ഇത് സുരക്ഷിതവും വേഗത്തിലുള്ളതുമായ ഗതാഗതവും ജില്ലയിലെ മറ്റ് പ്രദേശങ്ങളുമായി മികച്ച പ്രവേശനവും ഉറപ്പാക്കുന്നു.

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശനിയമം 2013 , കേരളഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുരനധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശചട്ടം 2015 എന്നിവ പ്രകാരമുള്ള നഷ്ടപരിഹാരം വഴി പ്രത്യാഘാത ബാധിതരുടെ പ്രത്യാഘാതങ്ങളെ ലഘൂകരിക്കുവാൻ സാധിയ്ക്കും.

മൂവാറ്റുപുഴ ടൗണിന്റെ ഹൃദയഭാഗത്തായാണ് പദ്ധതിപ്രവേശം സ്ഥിതി ചെയ്യുന്നത്. 1.850 കി. മീറ്റർ നീളമുള്ള റോഡ് പ്രോജക്ട് മൂവാറ്റുപുഴ പട്ടണത്തിലെ പി.ഒ ജംഗ്ഷനിൽ നിന്നും ആരംഭിച്ച് വെള്ളൂർക്കുന്നത്ത്

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

അവസാനിക്കുന്നു. റോഡ് പ്രോജക്ടിനായി 20.0 മീറ്റർ നീളം ROW ഉള്ള നാലുവരിപാത നിർമ്മിക്കുവാനാണ് ഉദ്ദേശിക്കുന്നത്. പ്രോജക്ട് റോഡ് 15.0 മീറ്റർ വീതിയുള്ള നാലുവരിപാതയായും 2.0 മീറ്റർ വീതിയിലുള്ള മീഡിയനും ഉപയോഗിച്ച് വേർതിരിക്കും. യാത്രാസമയം, ഗതാഗതം ഊർജ്ജ ഉപഭോഗം എന്നിവ കുറയ്ക്കുന്നതിനും, മേഖലയിലൂടെ സുരക്ഷിതമായ ഗതാഗതം ഉറപ്പാക്കുന്നതിനുമുള്ള ഈ പദ്ധതി ഒരു പൊതു ആവശ്യമായി കണക്കാക്കാവുന്നതാണ്.

എം.സി റോഡ് വീതി കൂട്ടുന്നതിന്റെ ഗുണപരവും, പ്രതികൂലവുമായ പ്രത്യാഘാതങ്ങളുടെ വിശകലനത്തിന്റെയും വിലയിരുത്തലിന്റെയും അടിസ്ഥാനത്തിൽ ആഘാതബാധിത കുടുംബങ്ങൾക്ക് കുറഞ്ഞ പ്രത്യാഘാതത്തിൽ പദ്ധതി നടപ്പാക്കാവുന്നതിനാലും ഈ മേഖലയിലെ ജീവിത നിലവാരം, പ്രത്യേകിച്ച് ഗതാഗതസൗകര്യങ്ങൾ മെച്ചപ്പെടുത്തുമെന്ന് പ്രതീക്ഷിക്കുന്നതിനാലും, ഇവയ്ക്ക് നിയമപരവും നീതി ലഭിക്കുന്നതുമായ നഷ്ടപരിഹാരം നൽകുകയും ചെയ്തുകൊണ്ട് ഭൂമി ഏറ്റെടുക്കുന്നതാണ് ഏറ്റവും അനുയോജ്യമായ രീതി എന്ന് മനസ്സിലാക്കാൻ കഴിയും.

(ഒപ്പ്)

**ജില്ലാ കളക്ടർ, എറണാകുളം**

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2021

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by Salim A
Date:2021.07.30 01:28:22 +05:30